## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 645 06.02.2013 ലെ മറുപടിയ്ക്ക്

## കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ് | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് വിശദമാക്കുമോ; | രോഗ ചികിത്സയ്ക്ക് ചെലവ് കൂടിവരുന്ന സാഹചര്യത്തിൽ സമൂഹത്തിലെ പാവപ്പെട്ടവരും നിർധനരുമായ ക്യാൻസർ, കിഡ്നി, ഹൃദ്രോഗം, തലച്ചോർ, കരൾ, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നീ രോഗങ്ങൾ മൂലം ചികിത്സയ്ക്ക് പ്രയാസപ്പെടുന്നവരും വാർഷിക വരുമാനം 3 ലക്ഷത്തിൽ കവിയാത്ത കുടംബത്തിന് പരമാവധി 2 ലക്ഷം രൂപ വരെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ വഴിയായും, പദ്ധതി പാക്കേജ് പ്രകാരമുള്ള നിരക്കിൽ ചികിത്സ നടത്താൻ തയ്യാറായിട്ടുള്ള പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളതുമായ സർക്കാരിതര ആശുപത്രികൾ വഴിയും ചികിത്സാധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കാനുള്ള വരുമാനം എങ്ങനെയാണ് സമാഹരിക്കുന്നത്; വ്യക്തമാക്കുമോ; | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തുന്ന കാരുണ്യ പ്രതിവാര ഭാഗ്യക്കുറി വിൽപനയിൽ നിന്നും ലഭിയ്ക്കുന്ന അറ്റാദായമാണ് ഇതിനുള്ള വരുമാനം. |

| | | |
|---|---|---|
| (സി) | ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്; വിശദമാക്കുമോ; | ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ, ലിവർ സർജറി, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ എന്നിവയ്ക്കാണ് ചികിത്സാധന സഹായം ആശുപത്രി വഴി നൽകുന്നത്. |
| (ഡി) | ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ; | വാർഷിക വരുമാനം 3 ലക്ഷത്തിൽ കവിയാത്ത വരുമാനമുള്ള കുടുംബത്തിന് പരമാവധി 2 ലക്ഷം രൂപ ചികിത്സാസഹായം ലഭിയ്ക്കുന്നതാണ്. |
| (ഇ) | ഏതെല്ലാം ആശുപത്രികളിൽ നിന്നാണ് പ്രസ്തുത ചികിത്സാ സൗകര്യം ലഭ്യമാകുന്നത് ; വിശദാംശം ലഭ്യമാക്കുമോ ? | സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ, ആർ.സി.സി, ശ്രീ ചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, പരിയാരം സഹകരണ ആശുപത്രി, സഹകരണ മെഡിക്കൽ കോളേജ് കൊച്ചി, മലബാർ ക്യാൻസർ സെന്റർ, കൂടാതെ സർക്കാർ നിശ്ചയിച്ച നിരക്കിൽ ചികിത്സ ലഭ്യമാക്കാൻ തയ്യാറായിട്ടുള്ളതും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ളവരുമായ സർക്കാരിതര ആശുപത്രികൾ. |

സെക്ഷൻ ഓഫീസർ